# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.6839     13.07.2012 ൽ മറുപടിക്ക്

സർക്കാർ ആശുപത്രികളിലെ കിടക്കകളുടേയും ജീവനക്കാരുടേയും വിശദാംശം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. എസ് സലീഖ | | ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരമേൽക്കുമ്പോൾ സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ ഡോക്ടർമാർ, നഴ്സുമാർ, ലാബ് അസിസ്റ്റന്റുമാർ തുടങ്ങി ഓരോ വിഭാഗത്തിലും എത്ര ഒഴിവുകൾ വീതമുണ്ടായിരുന്നുവെന്ന് തരം തിരിച്ച് വ്യക്തമാക്കുമോ; ആയതിൽ എത്രയെണ്ണം ഇപ്പോൾ ഒരോ വിഭാഗത്തിലും നികത്തി; വിശദാംശം ലഭ്യമാക്കുമോ; | (എ) | ഈ സർക്കാർ അധികാരമേൽക്കുമ്പോൾ സംസ്ഥാനത്തെ ആരോഗ്യവകുപ്പിനു കീഴിലുള്ള സർക്കാർ ആശുപത്രികളിൽ 745 ഡോക്ടർമാരുടെ ഒഴിവുകൾ ഉണ്ടായിരുന്നു. ഒഴിവുകൾ യഥാസമയം പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുകയും പി.എസ്.സി. നിയമന ശുപാർശ നൽകിയ മുറയ്ക്ക് നിയമനം നൽകി വരികയും ചെയ്യുന്നു. ഇപ്പോൾ 548 ഡോക്ടർമാരുടെ ഒഴിവുകൾ നിലവിലുണ്ട്. ആരോഗ്യവകുപ്പിൽ ലാബ് അസിസ്റ്റന്റ് തസ്തികയിൽ ഒഴിവുണ്ടായിരുന്നില്ല. ആകെ 36 തസ്തികകളാണ് നിലവിലുള്ളത്. നേഴ്സുമാരുടെ ഒഴിവുകൾ സംബന്ധിച്ച വിവരം അനുബന്ധം I ആയി ചേർക്കുന്നു.<br><br>സംസ്ഥാനത്തെ സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രികളിൽ ഡോക്ടർമാർ, നഴ്സുമാർ, ലാബ് അസിസ്റ്റന്റുമാർ തുടങ്ങിയവരുടെ ഒഴിവുകൾ അനുബന്ധം II ആയി ചേർക്കുന്നു.<br><br>ഭാരതീയ ചികിത്സാ വകുപ്പിൽ 13 മെഡിക്കൽ ഓഫീസർമാരുടെ ഒഴിവുകൾ ആണ് ഉണ്ടായിരുന്നത്. അതിൽ 8 എണ്ണത്തിൽ നിയമനം നടത്തിയിട്ടുണ്ട്. ബാക്കിയുള്ളവ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. നേഴ്സ് ഗ്രേഡ് II ന്റെ 35 ഒഴിവുകൾ ഉണ്ടായിരുന്നതിൽ 25 ഒഴിവുകളിൽ നിയമനം നടത്തിയിട്ടുണ്ട്. ബാക്കിയുള്ളവ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഭാരതീയ ചികിത്സാ വകുപ്പിൽ ലാബ് അസിസ്റ്റന്റ് തസ്തിക ഇല്ല. |
| (ബി) | ഈ സർക്കാർ അധികാരമേറ്റതിനു ശേഷം സർക്കാർ ആശുപത്രികളിൽ ജോലി നോക്കിവന്നിരുന്ന ഡോക്ടർമാർ, നഴ്സുമാർ, ലാബ് | (ബി) | ആരോഗ്യവകുപ്പിൽ പ്രൊബേഷൻ കാലാവധിയ്ക്കുള്ളിൽ അനധികൃതമായി ജോലിക്ക് ഹാജരാകാതിരുന്ന 5 ഡോക്ടർമാരെ സർവ്വീസിൽ നിന്ന് പുറത്താക്കി. ജില്ല |

അസിസ്റ്റന്റുമാർ തുടങ്ങി ഓരോ വിഭാഗത്തിലുമുള്ള എത്ര പേരെ സർവ്വീസിൽ നിന്നും പുറത്താക്കി; എത്ര പേരെ സസ്പെൻഡു ചെയ്തു; ജില്ല തിരിച്ച് തരം തിരിച്ച് വ്യക്തമാക്കുമോ;

തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

തിരുവനന്തപുരം -1

മലപ്പുറം -1

കണ്ണൂർ - 3

ലാബ് അസിസ്റ്റന്റ് തസ്തികയിൽ ആരെയും പുറത്താക്കുകയോ സസ്പെന്റ് ചെയ്യുകയോ ചെയ്തിട്ടില്ല. നേഴ്സുമാരെ സംബന്ധിച്ച വിവരം അനുബന്ധം III ആയി ചേർക്കുന്നു.

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ കോഴിക്കോട് മെഡിക്കൽ കോളേജിൽ നിന്ന് ഒരു ഡോക്ടറെയും തൃശ്ശൂർ മെഡിക്കൽ കോളേജിൽ നിന്ന് ഒരു ഡോക്ടറെയും സസ്പെന്റ് ചെയ്തിട്ടുണ്ട്.

ഭാരതീയ ചികിത്സാ വകുപ്പിൽ കോഴിക്കോട് ജില്ലയിൽ ഒരു സീനിയർ മെഡിക്കൽ ഓഫീസറെ സർവ്വീസിൽ നിന്നും പുറത്താക്കിയിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിൽ ഒരു നേഴ്സിനെ സസ്പെന്റ് ചെയ്തിട്ടുണ്ട്.

(സി) സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിലെ ആകെ കിടക്കകളുടെ എണ്ണമെത്ര; ഇതിന്റെ എത്ര ഇരട്ടിയാണ് സർക്കാർ ആശുപത്രികളിൽ കിടന്ന് ചികിത്സ തേടി ഇപ്പോൾ വരുന്നത്; സർക്കാർ ആശുപത്രികളിലെ കിടക്കകളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

(സി) ആരോഗ്യവകുപ്പിന് കീഴിലുള്ള സർക്കാർ ആശുപത്രികളിലെ ആകെ കിടക്കകളുടെ എണ്ണം 37,750 ആണ്. ഒരു ദിവസം കിടത്തി ചികിത്സിക്കുന്ന രോഗികളുടെ ശരാശരി എണ്ണം 11,330 ആണ്. ചില ജില്ലാ ആശുപത്രികളിലും താലൂക്ക് ആശുപത്രികളിലും കിടക്കകൾ തികയാത്ത സാഹചര്യം ഉണ്ടാകാറുണ്ട്. പ്രത്യേകിച്ച് മഴക്കാല ജന്യരോഗങ്ങളും മറ്റ് പകർച്ച വ്യാധികളും വ്യാപകമാകുന്ന സാഹചര്യത്തിൽ ആശുപത്രികളിലെ കിടക്കകളുടെ എണ്ണത്തേക്കാൾ കൂടുതൽ രോഗികൾ ചികിത്സ തേടി എത്താറുണ്ട്. സംസ്ഥാനത്തെ സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രികളിലെ കിടക്കകളുടെ എണ്ണം അനുബന്ധം IV ആയി ചേർക്കുന്നു.

ഭാരതീയ ചികിത്സാ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള ആശുപത്രികളിൽ 2869 കിടക്കകൾ ഉണ്ട്. നിലവിലുള്ള കിടക്കകളുടെ രണ്ടിരട്ടിയോളം രോഗികൾ ചികിത്സ തേടി വരുന്നുണ്ട്.

കിടക്കകളുടെ എണ്ണം വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച ശുപാർശ ലഭിക്കുന്ന മുറയ്ക്ക് പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

B.V.Kumar

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**